*ഭരണഭാഷ - മാതൃഭാഷ*

## അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം, തിരുവനന്തപുരം

വിഷയം :- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യനഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം -വകുപ്പിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, യു.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേക്കുള്ള ഗ്രേഡ് പ്രൊമോഷൻ/സ്ഥലം മാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ശ്രീ.ജിബിൻ ബേബി, എൽ.ഡി.ടൈപ്പിസ്റ്റ്-ന്റെ 24/08/2021 ലെ സമർപ്പണം.

2. ശ്രീമതി.ബീഗം ബനാസീർ ഇല്ല്യാസ്.എ, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റിന്റെ 12/01/2022 ലെ സമർപ്പണം.

3. ശ്രീ.ശരത് കൃഷ്ണൻ.ജി.ആർ, എൽ.ഡി.ടൈപ്പിസ്റ്റിന്റെ 11/05/2022 ലെ സമർപ്പണം.

4. പാലക്കാട് നഗരാസൂത്രകന്റെ 01/06/2022 ലെ TCPPKD/504/2021-A നമ്പർ കത്ത്.

5. കോട്ടയം നഗരാസൂത്രകന്റെ 01/06/2022 ലെ TCPKTM/30/2022-A നമ്പർ കത്ത്.

---

### എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ

ഉത്തരവ് നമ്പർ. TCPCTP/1340/2022-A2 തീയതി :10/06/2022

---

### ഉത്തരവ്

വകുപ്പിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് മാരായ ശ്രീ.ബാബു.വി, ശ്രീമതി.ഡോളി ജേക്കബ് എന്നിവർ 31/05/2022 അപരാഹ്നം സർവ്വീസിൽ നിന്നും വിരമിച്ചതിനെ തുടർന്ന് വകുപ്പിൽ ഉണ്ടായ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, യു.ഡി.ടൈപ്പിസ്റ്റ് എന്നീ തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റവും, സ്ഥലംമാറ്റവും താഴെ പറയും പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

1. **സ്ഥാനക്കയറ്റം:-**

പരാമർശം (4), (5) എന്നിവ പ്രകാരം പാലക്കാട് തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് കാര്യാലയത്തിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായ ശ്രീ.ബാബു.വി കൂടാതെ കോട്ടയം തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് കാര്യാലയത്തിലെ സെലക്ഷൻ ഗ്രേഡ് ആയ ശ്രീമതി.ഡോളി ജേക്കബ് എന്നിവർ യഥാക്രമം 31/05/2022 അപരാഹ്നത്തിൽ ടി തസ്തികകളിൽ നിന്നും വിരമിച്ചതിനെ തുടർന്ന് വകുപ്പിൽ രണ്ട് സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തകിയിൽ ഒഴിവ് ഉണ്ടായിട്ടുള്ളതും ആയതിലേക്ക് വകുപ്പിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് സീനിയോറിറ്റി പ്രകാരം അടുത്ത സീനിയറായ ചീഫ് ടൗൺപ്ലാനർ ഓഫീസിൽ സേവനമനുഷ്ടിച്ചുവരുന്നതുമായ ശ്രീമതി.മിനി.എം.ആർ-നെയും, തുടർന്ന് സീനിയറായ ആലപ്പുഴ തദ്ദേശ സ്വയംഭരണ വകുപ്പ് കാര്യാലയത്തിൽ സേവനമനുഷ്ടിച്ചുവരുന്നതുമായ ശ്രീ.അനൂപ് കുമാർ.കെ.ആർ-നെയും സെലക്ഷൻ ഗ്രേഡ്

ടൈപ്പിസ്റ്റായി 39300-83000 രൂപ ശമ്പള സ്കെയിലിൽ 01/06/2022 പൂർവ്വാഹ്നം മുതൽ പ്രാബല്യത്തിൽ ഗ്രേഡ് പ്രൊമോഷൻ നൽകി അതാത് കാര്യാലയങ്ങളിൽ തന്നെ ഗ്രേഡ് പ്രമോഷൻ നൽകി നിയമിച്ച് ഉത്തരവാകുന്നു.

ശ്രീമതി.മിനി.എം.ആർ, ശ്രീ.അനൂപ് കുമാർ.കെ.ആർ എന്നിവർക്ക് സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി ഗ്രേഡ് പ്രൊമോഷൻ നൽകുന്നതിനെ തുടർന്ന് വകുപ്പിൽ രണ്ട് സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ഒഴിവ് വരുന്നതും ആയതിലേയ്ക്ക് യു.ഡി.ടൈപ്പിസ്റ്റ്മാരുടെ സീനിയോറിറ്റി പ്രകാരം അടുത്ത സീനിയർമാരും യഥാക്രമം മുഖ്യനഗരാസൂത്രണ കാര്യാലയത്തിൽ യു.ഡി.ടൈപ്പിസ്റ്റായി സേവനമനുഷ്ഠിച്ചു വരുന്നതുമായ ശ്രീമതി.രജനി.പി.എസ്, ശ്രീമതി.അജിത.എം.വി എന്നിവരെ 37400-79000 രൂപ ശമ്പള സ്കെയിലിൽ 01/06/2022 പൂർവ്വാഹ്നം മുതൽ മുൻകാല പ്രാബല്യത്തോടെ മുഖ്യനഗരാസൂത്രണ കാര്യാലയത്തിൽ തന്നെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി ഗ്രേഡ് പ്രൊമോഷൻ നൽകി നിയമിച്ചും ഉത്തരവാകുന്നു.

ശ്രീമതി.രജനി.പി.എസ്, ശ്രീമതി.അജിത.എം.വി എന്നിവർക്ക് സീനിയർ ഗ്രേഡ് പ്രൊമോഷൻ അനുവദിക്കുന്നതിനെ തുടർന്ന് വകുപ്പിൽ യു.ഡി.ടൈപ്പിസ്റ്റിന്റെ രണ്ട് ഒഴിവുകൾ വരുന്നതും ആയതിലേയ്ക്ക് നിലവിലെ എൽ .ഡി.ടൈപ്പിസ്റ്റ് മാരുടെ സീനിയോറിറ്റി പ്രകാരം അടുത്ത സീനിയറും നിലവിൽ ചീഫ് ടൗൺപ്ലാനറുടെ ഓഫീസിൽ സേവനമനുഷ്ഠിച്ചു വരുന്നതുമായ ശ്രീ.ശരത് കൃഷ്ണൻ .ജി.ആർ നെ 35600-75400 രൂപ ശമ്പള സ്കെയിലിൽ 01/06/2022 FN മുതൽ മുൻകാല പ്രാബല്യത്തോടെ യു.ഡി.ടൈപ്പിസ്റ്റായി ഗ്രേഡ് പ്രൊമോഷൻ നൽകിയും കൂടാതെ എൽ.ഡി.ടൈപ്പിസ്റ്റ്മാരിൽ അടുത്ത സീനിയറും നിലവിൽ ഇടുക്കി തദ്ദേശ സ്വയംഭരണ വകുപ്പ് കാര്യാലയത്തിൽ സേവനമനുഷ്ഠിച്ചുവരുന്നതുമായ ശ്രീമതി. ഷീജ.വി.ബി-യെ 35600-75400 രൂപ ശമ്പള സ്കെയിലിൽ 01/06/2022 FN മുതൽ പ്രാബല്യത്തിൽ യു.ഡി.ടൈപ്പിസ്റ്റായി ഗ്രേഡ് പ്രൊമോഷൻ നൽകി ഇടുക്കി ജില്ലാ കാര്യാലയത്തിൽ തന്നെ നിയമിച്ചും ഉത്തരവാകുന്നു.

2. <u>പ്രൊമോഷനെ തുടർന്നുള്ള സ്ഥലം മാറ്റങ്ങൾ.</u>

കോട്ടയം തദ്ദേശ സ്വയംഭരണ വകുപ്പ് കാര്യാലയത്തിലെ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായിരുന്ന ശ്രീമതി.ഡോളി ജേക്കബ് വിരമിച്ചതുമൂലം ടി കാര്യാലയത്തിൽ ഉണ്ടായ ഒഴിവിലേക്ക് നിലവിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് മുഖ്യനഗരാസൂത്രണ കാര്യാലയത്തിൽ എൽ.ഡി.ടൈപ്പിസ്റ്റായി സേവനമനുഷ്ഠിച്ചു വരുന്നതും കോട്ടയം ഡി.ആർ.ബിയുമായ ശ്രീ.ജിബിൻ ബേബിയെ ടിയാന്റെ അപേക്ഷ പ്രകാരം ടി കാര്യാലയത്തിലേക്ക് സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

ശ്രീ.ശരത്കൃഷ്ണൻ.ജി.ആർ നെ യു.ഡി.ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം ലഭിക്കുന്നതിനെ തുടർന്ന് ടിയാന്റെ അപേക്ഷ പ്രകാരം കൊല്ലം തദ്ദേശ സ്വയംഭരണ വകുപ്പ് കാര്യാലയത്തിലേക്ക് സ്ഥലംമാറ്റം നൽകിയും, കൂടാതെ കൊല്ലം കാര്യാലയത്തിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി.ബീഗം ബനാസീർ ഇല്യാസിനെ ടിയാളുടെ അപേക്ഷ പ്രകാരം മുഖ്യനഗരാസൂത്രണ കാര്യാലയത്തിലേക്ക് സ്ഥലംമാറ്റി നിയമിച്ചും ഉത്തരവാകുന്നു.

മേൽ പറഞ്ഞ സ്ഥാനക്കയറ്റം /സ്ഥലം മാറ്റങ്ങൾക്ക് ഉടനടി പ്രാബല്യത്തിൽ വരുന്നതും കെ.എസ്.ആർ ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും യാത്രാസമയത്തിനും (അപേക്ഷ പ്രകാരമുള്ള സ്ഥലംമാറ്റങ്ങൾക്ക് ഒഴികെ ) അർഹത ഉണ്ടായിരിക്കുന്നതുമാണ്.

Signature valid
Digitally signed by ASEEM A
Date: 2022.06.10 14:37:46 IST
Reason: Approved

അസീം.എ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

1. ശ്രീമതി.മിനി.എം.ആർ, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് (മുഖ്യനഗരാസൂത്രകന്റെ കാര്യാലയം)
2. ശ്രീ.അനൂപ് കുമാർ.കെ.ആർ, സീനയർ ഗ്രേഡ് ടൈപ്പിസ്റ്റ് (ആലപ്പുഴ ടൗൺപ്ലാനർ മുഖാന്തിരം)
3. ശ്രീമതി.രജനി.പി.എസ്, യു.ഡി.ടൈപ്പിസ്റ്റ് (മുഖ്യനഗരാസൂത്രകന്റെ കാര്യാലയം)
4. ശ്രീമതി.അജിത.എം.വി, യു.ഡി.ടൈപ്പിസ്റ്റ് (മുഖ്യനഗരാസൂത്രകന്റെ കാര്യാലയം)
5. ശ്രീ.ശരത്കൃഷ്ണൻ.ജി.ആർ, എൽ.ഡി.ടൈപ്പിസ്റ്റ് (മുഖ്യനഗരാസൂത്രകന്റെ കാര്യാലയം)
6. ശ്രീമതി.ഷീജ.വി.ബി, എൽ.ഡി.ടൈപ്പിസ്റ്റ് ( ഇടുക്കി ടൗൺപ്ലാനർ മുഖാന്തിരം)
7. ശ്രീമതി.ബീഗം ബനാസീർ ഇല്യാസ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, (കൊല്ലം നഗരാസൂത്രകൻ മുഖാന്തിരം)
8. ശ്രീ.ജിബിൻ ബേബി, എൽ.ഡി.ടൈപ്പിസ്റ്റ് (മുഖ്യനഗരാസൂത്രകന്റെ കാര്യാലയം)

പകർപ്പ്:

1. സിഎ മുഖേന ചീഫ് ടൗൺപ്ലാനർ
2. ടൗൺപ്ലാനർ, ആലപ്പുഴ
3. ടൗൺപ്ലാനർ, ഇടുക്കി
4. ടൗൺപ്ലാനർ, കൊല്ലം
5. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
6. എ,ബി,എസ് സെക്ഷൻ സൂപ്രണ്ട്മാർ
7. ഫെയർ കോപ്പി സെക്ഷൻ സൂപ്രണ്ട്
8. ബി2 സീറ്റ്
9. എ 4 സീറ്റ്

10. ഐ.റ്റി ഓഫീസർ
11. വെബ്സൈറ്റ്
12. കരുതൽ ഫയൽ
13. അധികം

SR04062022